ESTD:1976

കാരവൽ

1196 കുംഭം 11, 1442 റജബ് 11, 2021 ഫെബ്രുവരി 23 ചൊവ്വ

കോവിഡ്: അതിർത്തിയിലെ പ്രതിഷേധം കാണാതെ പോകരുത്

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളം, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ അതിർത്തി അടച്ചിടാൻ കർണ്ണാടക സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഇല്ലാതെ ആരെയും തന്നെ കർണ്ണാടകയിലേയ്ക്ക് കടത്തി വിടേണ്ടതില്ലെന്നാണ് സർക്കാർ നിലപാട്. ഇതിന്റെ ഭാഗമായി കാസർകോട് ജില്ലയിൽ നിന്നു കർണ്ണാടകയിലേയ്ക്കുള്ള 16 പ്രവേശന കവാടങ്ങളിൽ 12 എണ്ണവും പൂർണ്ണമായും അടച്ചിട്ടു. അവശേഷിക്കുന്ന നാലു പ്രവേശന കവാടങ്ങളും പൊലീസിന്റെയും ആരോഗ്യ പ്രവർത്തകരുടെയും കർശന നിരീക്ഷണത്തിലാണ്.

കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഇല്ലാത്തവരെ ഇന്നലെ മുതൽ കടത്തിവിടേണ്ടതില്ലെന്നായിരുന്നു മുൻ തീരുമാനം. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ രാവിലെ പരിശോധന ആരംഭിച്ചു. എന്നാൽ ദിനം പ്രതി മംഗ്ളൂരുവിലേയ്ക്ക് കാസർകോട്, മഞ്ചേശ്വരം താലൂക്കുകളിൽ നിന്നുള്ള നൂറുകണക്കിനു പേരാണ് പോകുന്നത്. ഇവരിൽ ചികിത്സ തേടി പോകുന്നവരും തൊഴിലിടത്തിലേയ്ക്കു പോകുന്നവരും വിദ്യാലയങ്ങളിലേയ്ക്കു പോകുന്നവരും വ്യാപാര ആവശ്യത്തിനു പോകുന്നവരുമൊക്കെ ഉണ്ട്. പരിശോധന കർശനമാക്കിയതോടെ ഇത്തരക്കാരെല്ലാം തലപ്പാടി അതിർത്തിയിൽ കുടുങ്ങിയ കാഴ്ചയാണ് ഇന്നലെ രാവിലെ ഉണ്ടായത്.

ആർ ടി പി സി ആർ ടെസ്റ്റ് ഇല്ലാത്തവരെ കടത്തിവിടില്ലെന്ന നിലപാടിൽ കർണ്ണാടക അധികൃതർ ഉറച്ചു നിൽക്കുകയും ചെയ്തു. ഇതോടെ പ്രതിഷേധക്കാർ റോഡ് ഉപരോധിക്കുകയും പ്രശ്നത്തിൽ പൊലീസ് ഇടപെടുകയും ചെയ്തു. തൽക്കാലത്തേയ്ക്ക് പരിശോധന കർശനമാക്കേണ്ടെന്ന നിലപാടുകർണ്ണാടക അധികൃതർ കൈക്കൊണ്ടു. ഇതിന്റെ തുടർച്ചയായി ജില്ലാ കലക്ടർ പൊലീസ് അധികാരികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചു ചേർത്തു. സംസ്ഥാന തലത്തിൽ തന്നെ പ്രശ്ന പരിഹാര നടപടി ഉണ്ടാകുമെന്നു യോഗത്തിൽ പങ്കെടുത്ത മന്ത്രി ഇ. ചന്ദ്രശേഖരൻ യോഗത്തെ അറിയിച്ചു. ആർ ടി പി സി ആർ പരിശോധന നിർബന്ധമാക്കിയ നടപടി പുനഃപരിശോധിക്കണമെന്നും വിവിധ ആവശ്യങ്ങൾക്കായി നിത്യവും കർണ്ണാടകയിലേയ്ക്ക് പോയി വരുന്നവരോട് കോവിഡ് പരിശോധനാ റിപ്പോർട്ട് ആവശ്യപ്പെടുന്നത് ഒഴിവാക്കണമെന്നും ജനപ്രതിനിധികൾ ഉന്നയിച്ചു.

എന്തായാലും കോവിഡിന്റെ പേരിൽ അതിർത്തിയിൽ ഉണ്ടായ പ്രതിഷേധങ്ങളെയും അതുണ്ടാക്കിയ സംഘർഷങ്ങളെയും ലഘൂകരിച്ചു കാണരുത്. കർണ്ണാടക സംസ്ഥാന അധികൃതർക്ക് അവിടെത്തെ ജനങ്ങളുടെ ആരോഗ്യ സ്ഥിതി ഉറപ്പാക്കേണ്ടുന്ന ഉത്തരവാദിത്തമുണ്ട്. എന്നാൽ അത് കേരളത്തിൽ നിന്നുള്ളവരുടെ മുമ്പിൽ വഴി അടച്ചതു കൊണ്ടായില്ല. ആരോഗ്യം ഉറപ്പാക്കപ്പെടുന്നതോടൊപ്പം ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം നല്ല രീതിയിൽ തുടരേണ്ടതുണ്ടെന്നു ഉറപ്പാക്കപ്പെടുകയും വേണം. വിട്ടു വീഴ്ചാ മനോഭാവം ഉണ്ടായേ തീരൂ. ആർ ടി പി സി ആർ പരിശോധന എന്ന നിലപാടിൽ നിന്നു മാറി ആന്റിജൻ ടെസ്റ്റ് മതിയെന്ന നിലപാടിലേയ്ക്ക് എത്തേണ്ടതുണ്ട്. ഇരു സംസ്ഥാനങ്ങളും അതിർത്തിയിൽ പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ആന്റിജൻ ടെസ്റ്റിന്റെ ഫലം വേഗത്തിൽ ലഭിക്കുമെന്നതിനാൽ യാത്രക്കാർക്കു വലിയ പ്രയാസങ്ങൾ ഉണ്ടാകില്ല. കേരളത്തിൽ നിന്നുള്ള ആംബുലൻസുകളെ പ്രത്യേക പരിശോധനകളൊന്നും കൂടാതെ കടത്തി വിടുന്ന സ്ഥിതി ഉണ്ടാക്കുകയും വേണം.

പ്രശ്നം ഇരു സംസ്ഥാനങ്ങൾ തമ്മിലുള്ള വൈകാരിക പ്രശ്നമായി മാറാതെ നോക്കാനുള്ള ഉത്തരവാദിത്തം ഇരു സംസ്ഥാനങ്ങൾക്കുമുണ്ട്. ഈ വിഷയം രാഷ്ട്രീയ പരമായി ആളിക്കത്തിക്കാതെ നോക്കാനുള്ള ധാർമ്മിക ബാധ്യത ഇരു സംസ്ഥാനങ്ങളിലെയും രാഷ്ട്രീയ നേതൃത്വങ്ങൾ പ്രകടമാക്കുകയും വേണം.

ഇന്ധനവില: നികുതി കുറക്കാൻ തയ്യാറാകണം

ഇന്ധനവിലയുടെ കാര്യത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ജനത്തോട് കാണിക്കുന്നത് വൻ ക്രൂരതയാണ്. രാജ്യത്ത് ഇന്ധനങ്ങൾക്ക് നില നിൽക്കുന്ന നികുതിയിൽ കുറവു വരുത്തി ജനത്തെ സഹായിക്കേണ്ടുന്നതിന് പകരം, ജനത്തെ പിടിച്ചു വലിക്കുകയാണ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ചെയ്യുന്നത്.

90 രൂപ മുടക്കി ഒരു ലിറ്റർ പെട്രോൾ അടിക്കുമ്പോൾ സംസ്ഥാനത്തിനും കേന്ദ്രത്തിനുമായി നൽകേണ്ടി വരുന്ന നികുതി മാത്രം അൻപത്തിനാലു രൂപയാണെന്നതു കൊള്ളയുടെ വ്യാപ്തി തുറന്നു കാണിക്കുന്നു.

സംസ്ഥാന സർക്കാർ കേന്ദ്രത്തെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തെയും കുറ്റം പറയുന്നതല്ലാതെ സാധാരണ ജനങ്ങളെ വലയ്ക്കുന്ന ഇന്ധനവില വർധനയ്ക്ക് യാതൊരു പരിഹാരവും സർക്കാരുകൾക്കില്ലെന്നുമാത്രമല്ല വർധിക്കുന്ന വില ഇരുകൂട്ടർക്കും ചാകരയാകുകയാണ്.ഇന്ധനവില വർധനക്കെതിരെ കഴിഞ്ഞ ദിവസം സംസ്ഥാനം ഭരിക്കുന്ന സർക്കാരിന് നേതൃത്വം കൊടുക്കുന്ന പാർട്ടി കുടുംബസമേതം അടുപ്പു കൂട്ടിയുള്ള സമരം സംഘടിപ്പിച്ചു. എന്നാൽ ഈ സമരത്തിന് എന്താമാർത്ഥതയാണുള്ളത്. സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതിയിനത്തിൽ അൽപ്പം ഇളവ് പ്രഖ്യാപിച്ച് ജനത്തോടൊപ്പം നിൽക്കാൻ തയ്യാറാകാതെ വില വർദ്ധനവിനെതിരെയുള്ള ഈ സമരം പ്രഹസനം തന്നെയാണ്. ഒരു ലിറ്റർ പെട്രോളിൽ നിന്ന് ഇരുപത്തിയൊന്നു രൂപയോളം കൈപ്പറ്റുന്ന സംസ്ഥാന സർക്കാർ ആ തുകയിൽ നിന്ന് ചില്ലറ പൈസ കുറയ്ക്കില്ലെന്നാണ് ധനമന്ത്രി തോമസ് ഐസക് വ്യക്തമാക്കിയിരിക്കുന്നത്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് കാരണമായി ചൂണ്ടിക്കാട്ടുന്നത്.

സംസ്ഥാനം രൂക്ഷമായ കടക്കെണിയിൽ ആകാൻ ആരാണ് ഉത്തരവാദി. സർക്കാർ വരുത്തിവെച്ച സാമ്പത്തിക പ്രതിസന്ധി പാവം ജനത്തിന്റെ തലയിൽ കെട്ടിവെക്കണോ...! അനാവശ്യ ധൂർത്തുകളും ചെലവുകളുമാണ് സംസ്ഥാനം വൻ കടക്കെണിയിൽ അകപ്പെടാൻ കാരണമായത്. വില എത്ര വർധിച്ചാലും സംസ്ഥാന സർക്കാർ ഇന്ധന നികുതി കുറയ്ക്കില്ലെന്നാണ് ധനമന്ത്രി തോമസ് ഐസക് ധാർഷ്ട്യത്തോടെ പറയുന്നത്. കേരളമല്ല, കേന്ദ്രമാണ് ഇന്ധന നികുതി വർധിപ്പിച്ചത്. കേന്ദ്ര സർക്കാർ വർധിപ്പിച്ച നികുതി കുറച്ച് ഇന്ധനവില കുറക്കാൻ തയ്യാറാകണമെന്നാണ് സംസ്ഥാന ധനമന്ത്രിയുടെ വാദം. ആ സമയത്ത് സംസ്ഥാനത്തിന്റെ വരുമാനം കുറഞ്ഞാലും കുഴപ്പമില്ല. സംസ്ഥാനത്തിന്റെ രണ്ടാമത്തെ വരുമാന മാർഗ്ഗമാണിതെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി.പെട്രോളിയം ഉൽപ്പന്നങ്ങൾ ജി എസ് ടി പരിധിയിൽ കൊണ്ടുവരുന്ന വിഷയം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. ഇതിനോട് എതിർപ്പില്ലെന്ന് പറഞ്ഞ സംസ്ഥാന സർക്കാർ, പെട്രോളിയം ഉൽപ്പന്നങ്ങളെ ജി എസ് ടി പരിധിയിൽ ഉൾപ്പെടുത്തിയാൽ തുടർന്നുള്ള അഞ്ചുവർഷത്തേക്ക് നഷ്ട പരിഹാരം ലഭിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണാധികാരം യു പി എ സർക്കാരാണ് കമ്പനികൾക്ക് നൽകിയത്. ഇതോടെ തോന്നും പോലെയാണ് വില വർധിപ്പിക്കുന്നത്. ഇപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില സർവ്വകാല റെക്കോർഡിൽ എത്തി നിൽക്കുകയാണ്. ഈ മാസം പന്ത്രണ്ട് തവണയാണ് ഇന്ധനവില കൂടിയത്. ചരിത്രത്തിലില്ലാത്ത വിധം വില വർധിച്ചിട്ടും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്ത് നിന്നും കാര്യമായ സമരങ്ങളൊന്നും ഇല്ലാത്തതും ശ്രദ്ധേയമാണ്.

പെട്രോളിനും, ഡീസലിനും ലിറ്ററിന് 50 രൂപയാക്കുമെന്നായിരുന്നു കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന അധ്യക്ഷൻ കഴിഞ്ഞ തിരഞ്ഞെടുപ്പ് വേളയിൽ പറഞ്ഞത്. എന്നാൽ 50 രൂപക്ക് അരലിറ്റർ പെട്രോളാണ് ലഭിക്കുന്നതെന്നാണ് ഇന്നത്തെ യാഥാർത്ഥ്യം. കേന്ദ്രം ഭരിക്കുന്നവരായാലും, സംസ്ഥാനം ഭരിക്കുന്നവരായാലും അവർക്ക് ജനങ്ങളോട് പ്രതിബദ്ധതയുണ്ടാകണം. ഏത് പാർട്ടിയായാലും നേതാവായാലും പറയുന്ന വാക്കിന് വിലയും വേണം. ഇല്ലെങ്കിൽ സമൂഹത്തിന് ഈ ജനാധിപത്യ സംവിധാനത്തോട് പുച്ഛമായിരിക്കും.

ഇന്ധനവിലയുടെ കുതിച്ചു കയറ്റം നീതീകരിക്കാവുന്നതല്ലെന്നു കേന്ദ്രത്തിനും സംസ്ഥാനത്തിനും വ്യക്തമാണ്. പ്രളയം, മഴക്കെടുതികൾ, കോവിഡ് ദുരിതം എന്നിവയെല്ലാം ചേർന്നു സംസ്ഥാനം ദുരിതത്തിൽ ആറാടി നിൽക്കുമ്പോൾ ജനപ്രതിനിധികളും സർക്കാരും ഉത്തരവാദിത്വം പുലർത്തേണ്ടതുണ്ട്. സർവ്വകാല റെക്കോഡും കടന്നാണ് വില കുതിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന് വില കുറഞ്ഞ് നിൽക്കുമ്പോളാണ് എണ്ണക്കമ്പനികൾ ഇന്ധനവില കൂട്ടുന്നത് എന്നതാണ് ശ്രദ്ധേയം. ഇതോടൊപ്പം സംസ്ഥാനത്തെ നികുതി കൂടി ചേരുമ്പോൾ ദുരിതത്തിലാകുന്നത് സാധാരണക്കാരാണ്. ഒപ്പം അവശ്യ സാധനങ്ങൾക്കടക്കം വിലക്കയറ്റമുണ്ടാകുമെന്ന ആശങ്കയും നിലനിൽക്കുകയാണ്.

ദിനേശൻ

വിദ്യാഭ്യാസ ഓഫീസുകൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കണം: എ.കെ.എസ്.ടി.യു

കാഞ്ഞങ്ങാട്: സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനങ്ങളും, മറ്റു നൂതന വിദ്യാഭ്യാസ പരിപാടികളും സുതാര്യമായും, കൃത്യതയോടെയും നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കണമെന്ന് ഓൾ കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (എ.കെ.എസ്. ടി.യു.) 24ാം കാസർകോട് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

വിനയൻ കല്ലത്ത്(പ്രസി.), സുനിൽകുമാർ കരിച്ചേരി (സെക്ര.), രാജീവൻ എം.ടി (ട്രഷ.)

സമ്മേളനത്തിന് തുടക്കം കുറിച്ച് ജില്ലാ പ്രസിഡണ്ട് വിനയൻ കല്ലത്ത് പതാക ഉയർത്തി. താജുദ്ദീൻ കെ രക്ത സാക്ഷി പ്രമേയവും, സജയൻ. എ അനുശോചന പ്രമേയവും അവതരിപ്പിച്ചു. സംഘാടക സമിതി ചെയർമാൻ സി.കെ.ബാബുരാജിന്റെ അധ്യക്ഷതയിൽ മന്ത്രി ഇ.ചന്ദ്രശേഖരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ മത്സര വിജയികൾക്ക് മന്ത്രി ഉപഹാരങ്ങൾ നൽകി. സി പി ഐ ജില്ലാ സെക്രട്ടറി ഗോവിന്ദൻ പള്ളിക്കാപ്പിൽ , എ.ഐ.ടി.യു.സി ജില്ല ജനറൽ സെക്രട്ടറി കെ. വി.കൃഷ്ണൻ, കിസാൻ സഭ ജില്ലാ പ്രസിഡണ്ട് എം. അസിനാർ, മുൻ എം.എൽ.എ. എം നാരായണൻ, മുൻസിപ്പൽ കൗൺസിലർ പ്രഭാവതി.കെ, ജോയിന്റ് കൗൺസിൽ ജില്ല സെക്രട്ടറി വി. ഭുവനേന്ദ്രൻ, സന്തോഷ് കുമാർ ചാലിൽ, കെ.പത്മനാഭൻ, വിനോദ് കുമാർ.കെ, രാജഗോപാലൻ പി, ജയൻ നീലേശ്വരം, ഹേമമാലിനി വി, രാജേഷ് ഓൾനടിയൻ, അനിത.കെ, വിനോദ് കുമാർ. എം എന്നിവർ സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഒ.കെ. ജയകൃഷ്ണൻ സംഘടനാ റിപ്പോർട്ടും ജില്ല സെക്രട്ടറി സുനിൽകുമാർ കരിച്ചേരി പ്രവർത്തന റിപ്പോർട്ടും. ജില്ല ട്രഷറർ രാജീവൻ എം.ടി വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. യാത്രയയപ്പ് സമ്മേളനം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തംഗം എ. ദാമോധരൻ ഉദ്ഘാടനം ചെയ്തു.

ഭാരവാഹികൾ: വിനയൻ കല്ലത്ത്(പ്രസി.), സുനിൽകുമാർ കരിച്ചേരി (സെക്ര.), രാജീവൻ എം.ടി (ട്രഷ.).മറ്റു ഭാരവാഹികൾ: ജയൻ നീലേശ്വരം, അജയകുമാർ ടി.എ, അനിത.കെ, ഹേമമാലിനി.വി (വൈസ് പ്രസി.).

നമ്പ്യാർക്കൽ റിവർവ്യൂ പാർക്ക് നിർമ്മാണോദ്ഘാടനം മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു

കാസർകോട്: പടന്നക്കാട് നമ്പ്യാർക്കൽ റിവർവ്യൂ പാർക്ക് നിർമ്മാണോദ്ഘാടനം റവന്യു മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു. കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി 1.13 കോടി രൂപ ചെലവിലാണ് റിവർവ്യൂ പാർക്ക് നിർമ്മിക്കുന്നത്. നമ്പ്യാർക്കൽ അണക്കെട്ട് പരിസരത്ത് നടന്ന ചടങ്ങിൽ കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൻ കെ.വി. സുജാത ആധ്യക്ഷം വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യാതിഥിയായി. നഗരസഭ വൈസ് ചെയർമാൻ ബിൽടെക് അബ്ദുള്ള, കാഞ്ഞങ്ങാട് സബ് കളക്ടർ ഡി.ആർ. മേഘശ്രീ, മുൻ ചെയർമാൻ വി.വി. രമേശൻ, വാർഡ് കൗൺസിലർ ഹസീന റസാഖ്, ചെറുകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ പി.ടി. സഞ്ജീവ് എന്നിവർ സംസാരിച്ചു. കാസർകോട് വികസന പാക്കേജ് സ്പെഷൽ ഓഫീസർ ഇ.പി. രാജ്മോഹൻ റിപ്പോർട്ട് അവതരിപ്പിച്ചു.

കുഞ്ഞിക്കോരൻ പണിക്കർക്ക് ആദരം

പാലക്കുന്ന്: കേരള പൂരക്കളി അക്കാദമിയുടെ ഗുരുപൂജ പുരസ്ക്കാരം നേടിയ കുഞ്ഞിക്കോരൻ പണിക്കർക്ക് ആദരം. തെക്കേക്കര പ്രാദേശിക സമിതി ഓഫീസിൽ നടന്ന ചടങ്ങിൽ പ്രസിഡണ്ട് പി വി ചിത്രഭാനു പൊന്നാടയും പുരസ്ക്കാരവും നൽകി. പി വി അശോക് കുമാർ, പ്രഭാകരൻ തെക്കേക്കര, ടി രാമൻ, പി വി ഭാസ്ക്കരൻ, പള്ളം നാരായണൻ, മുരളി പള്ളം, എ വി ഹരിഹരസുധൻ, ശ്രീധരൻ പള്ളം, പി വി കൃഷ്ണൻ, ഭാസ്ക്കരൻ പള്ളം, വി വി കുഞ്ഞിക്കണ്ണൻ, പി വി ദാമോദരൻ, പി ആർ പ്രണവൻ, അച്ചുതൻ, നാരായണൻ ബി, വിനയ വേണുഗോപാൽ, നാണു നാരായണൻ, രമേശൻ പ്രസംഗിച്ചു.

പാസഞ്ചർ ട്രെയിനുകൾ ഉടൻ ആരംഭിക്കണമെന്ന് പ്രവാസി കോൺഗ്രസ്സ്

കാഞ്ഞങ്ങാട്: പെട്രോൾ ഡീസൽ വില വർദ്ധനവിൽ നട്ടം തിരിയുന്ന ജനങ്ങൾക്കാശ്വാസമേകാൻ ഉടൻ പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കണമെന്നും, എ ക്ലാസ്സ് സ്റ്റേഷനായ കാഞ്ഞങ്ങാട് എറണാകുളം നിസ്സാമുദ്ദീൻ എക്സ്പ്രസ്സിന് സ്റ്റോപ്പ് അനുവദിക്കണമെന്നും, മലബാറിലും മെമു സർവീസുകളാരംഭിക്കണമെന്നും ആവശ്യപ്പെട്ട് കേരള പ്രദേശ് പ്രവാസി കോൺഗ്രസ് കാസർകോട് ജില്ലാ കമ്മിറ്റി കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ സൂചനാ സമരം നടത്തി. സമരം ഡിസിസി പ്രസിഡണ്ട് ഹക്കീം കുന്നിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പത്മരാജൻ ഐങ്ങത്ത് അധ്യക്ഷനായി. ഒ.വി.പ്രദീപ് സ്വാഗതവും, കണ്ണൻ കരുവാക്കോട് നന്ദിയും പറഞ്ഞു. സുകുമാരൻ വെങ്ങാട്ട്, സുധീരൻ ഐങ്ങോത്ത്, വിനോദ് നെല്ലിക്കാട്ട്, രാജേഷ് കാടങ്കോട്, രാജൻ ഐങ്ങോത്ത്, കെ.പി.ബാലൻ, മനോജ് ഉപ്പിലിക്കൈ തുടങ്ങിയവർ സംസാരിച്ചു

മാവേലി സ്റ്റോർ ഉദ്ഘാടനം ചെയ്തു

മൊഗ്രാൽപുത്തൂർ: മൊഗ്രാൽപുത്തൂർ പഞ്ചായത്തിൽ ബദർ നഗറിൽ ആരംഭിച്ച മാവേലി സ്റ്റോർ ഓൺലൈൻ വഴി ഭക്ഷ്യവകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സപ്ലൈകോ എം ഡി അലി അസ്ഹർ പാഷ സ്വാഗതം പറഞ്ഞു. മൊഗ്രാൽപുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ഷമീറ ഫൈസൽ ആധ്യക്ഷം വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുജീബ് കമ്പാർ ആദ്യ വിൽപ്പന നടത്തി.

കുംബഡാജെ പഞ്ചായത്ത് വികസന സെമിനാർ ഹമീദ് പൊസൊളിഗെ ഉദ്ഘാടനം ചെയ്യുന്നു

കാച്ചു അമ്മയെ പെരുമ്പള ഇ എം എസ് ഗ്രന്ഥാലയം ആദരിച്ചപ്പോൾ

പഴയ കാല കർഷക പോരാളിയെ ആദരിച്ചു

പെരുമ്പള: പെരുമ്പളയിലെ ജീവിച്ചിരിക്കുന്ന പഴയകാല കർഷക കമ്യൂണിസ്റ്റ് വിപ്ലവ പോരാളിയായ കാച്ചു അമ്മയെ ഇ.എം.എസ് ഗ്രന്ഥാലയവും യൂത്ത് ക്ലബ്ബ് പെരുമ്പളയും ആദരിച്ചു. അവരുടെ വീട്ടിൽ വെച്ച് നടത്തിയ പരിപാടിയിൽ ഉദുമ എം എൽ എ കെ കുഞ്ഞിരാമൻ പൊന്നാട അണിയിച്ചു. ചടങ്ങിൽ പി.ബാലകൃഷ്ണൻ ആധ്യക്ഷം വഹിച്ചു. താലൂക്ക് ലൈബ്രറി കൗൺസിലംഗം കെ.കെ രാജൻ പ്രസംഗിച്ചു.

സമഗ്ര വികസനം ലക്ഷ്യമിട്ട് കുംബഡാജെ ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

കുംബഡാജെ: ജനങ്ങളുടെ വികസന കാഴ്ചപ്പാടുകൾ നടപ്പിലാക്കുന്നതിനായി സമഗ്രവികസനം ലക്ഷ്യം വെച്ച് കുംബഡാജെ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഹമീദ് പൊസോളിഗെ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എലിസബത്ത് ക്രാസ്ത ആധ്യക്ഷം വഹിച്ചു. കരട് പദ്ധതി രേഖ മുൻ മെമ്പർ പി ആർ അമ്മണ്ണായയ്ക്ക് നൽകി പ്രകാശനം ചെയ്തു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അബ്ദുൽ റസാഖ് ടി എം പദ്ധതി വിശദീകരണം നടത്തി, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേർസൺ ഖദീജ, അരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സഞ്ജീവ ഷെട്ടി, ബ്ലേക്ക് പഞ്ചായത്ത് മെമ്പർമാരായ നളിനി, യശോദ എൻ, ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ മുംതാസ്, കൃഷ്ണ ശർമ്മ, ജൗറ, സുനിത ജെറൈ, സുന്ദര മവ്വാർ, ഹരീഷ ഗോസാഡ, മീനാക്ഷി, ആയിഷത്ത് മാഷിദ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എം അബൂബക്കർ, പ്രസാദ ഭണ്ടാരി, രവീന്ദ്ര റൈ ഗോസാഡ, നാരായണൻ നമ്പ്യാർ, മാത്യു തെങ്ങുംപള്ളി, അസൂത്രണ സമിതി വൈസ് ചെയർമാൻ ഡോ. വേണുഗോപാൽ, എന്നിവർ പ്രസംഗിച്ചു. മുഹമ്മദ് കുഞ്ഞി സ്വാഗതവും മുരളീധരൻ ആർ നന്ദിയും പറഞ്ഞു.

കോവിഡ് ബാധിച്ച കുടുംബത്തിന് കൈത്താങ്ങായി യുവാക്കൾ

ചെറുവത്തൂർ: വീട്ടിലെ മുഴുവൻ അംഗങ്ങൾക്കും കോവിഡ് ബാധിച്ചതിനെ തുടർന്ന് പ്രതിസന്ധിയിലായ കുടുംബത്തിന്റെ നെൽപാടത്തെ കൊയ്ത്തും മെതിയും ഏറ്റെടുത്ത് ഡി വൈ എഫ് ഐ പ്രവർത്തകർ. പിലിക്കോട് കണ്ണങ്കൈയിലെ കെ വി രവീന്ദ്രന്റെ കുടുംബത്തിനാണ് പ്രതിസന്ധി ഘട്ടത്തിൽ തുണയായി പ്രവർത്തകർ എത്തിയത്. ആഴ്ചകളായി രവീന്ദ്രൻ ഉൾപ്പെടെ വീട്ടിൽ ഓരോരുത്തർക്കായി കോവിഡ് സ്ഥിരീകരിക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ ഇവരുടെ വിളഞ്ഞു നിൽക്കുന്ന നെൽപ്പാടം കൊയ്യാൻ ആളുകളെ കിട്ടാത്ത അവസ്ഥയായി. വീടിനോട് ചേർന്ന കൃഷിയിടത്തിൽ പണിയെടുക്കാൻ തൊഴിലാളികൾ പലതും മടിച്ചു. കതിരുകളിൽ പലരും നിലംപറ്റി. ഈ സാഹചര്യത്തിലാണ് ഡി വൈ എഫ് ഐ പ്രവർത്തകർ മുന്നിട്ടിറങ്ങിയത്. അരുൺ, അഭിഷേക്, സിബിൻ, അതുൽ രാജ്, ഹൃത്വിക്, നിശാന്ത് എന്നിവരുടെ നേതൃത്വത്തിലാണ് ഒറ്റ ദിവസം കൊണ്ട് ജോലി പൂർത്തിയാക്കിയത്. പ്രതിസന്ധി ഘട്ടത്തിൽ യുവാക്കൾ തുണയായി എത്തിയതിന്റെ ആശ്വസത്തിലാണ് രവീന്ദ്രനും കുടുംബവും.

ജില്ലാ പഞ്ചായത്ത് തനത് പദ്ധതികൾക്ക് പ്രാമുഖ്യം നൽകണം: മന്ത്രി തോമസ് ഐസക്

കാസർകോട്: ജില്ലാ പഞ്ചായത്ത് തനത് പദ്ധതികൾക്ക്പ്രാമുഖ്യം നൽകണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി ടി.എം തോമസ് ഐസക് പറഞ്ഞു. കാസർകോട് ജില്ലാ പഞ്ചായത്ത് വികസന സെമിനാറിൽ ഓൺലൈനായി സമാപന പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. കാസർകോട് ജില്ലയിൽ ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, പച്ചത്തുരുത്ത് പോലുള്ള സംയോജിത പദ്ധതികൾക്ക് പരിഗണന നൽകണമെന്ന് മന്ത്രി നിർദേശിച്ചു. സ്കൂൾ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്ന വിദ്യാശ്രീ പോലുള്ള പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് മുൻകൈയെടുക്കണം. ദീർഘകാല കാഴ്ചപ്പാടോടെയുള്ള പദ്ധതികൾ തയ്യാറാക്കണമെന്നും മന്ത്രി നിർദേശിച്ചു.

ജനങ്ങൾക്ക് ഉപകാരപ്പെടേണ്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസമാകുന്ന കുരുക്ക് അഴിക്കാൻ നിയമ നിർമ്മാണം ഉൾപ്പെടെ നടപടികൾ ആവശ്യമാണെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത് കെ. കുഞ്ഞിരാമൻ എം എൽഎ പറഞ്ഞു. ജനകീയാസൂത്രണം കാൽനൂറ്റാണ്ട് പൂർത്തിയാക്കിയ സാഹര്യത്തിൽ പ്രാദേശിക വികസനത്തിൽ നേരിടുന്ന പ്രതിസന്ധികൾ ഗൗരവമായി പരിശോധിക്കണമെന്നും എംഎൽഎ പറഞ്ഞു.

കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് സഹായകമായ പദ്ധതികൾക്ക് രൂപം നൽകണമെന്ന് എം.സി. ഖമറുദ്ദീൻ എംഎൽഎ നിർദേശിച്ചു. ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. എസ് എം വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി. ബേബി ബാലകൃഷ്ണൻ ആധ്യക്ഷം വഹിച്ചു. വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ ഗീത കൃഷ്ണൻ കരട് പദ്ധതി രേഖ അവതരിപ്പിച്ചു. സ്ഥിരം സമിതി ചെയർപേഴ്സൺമാരായ കെ. ശകുന്തള, എസ്.എൻ. സരിത, ഷിനോജ് ചാക്കോ, മെമ്പർ സി. എസ്. സജിത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ സ്വാഗതവും ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി. നന്ദകുമാർ നന്ദിയും പറഞ്ഞു. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ

നീലേശ്വരത്ത് എലിപ്പനിക്കെതിരെ ജാഗ്രതാ പ്രവർത്തനം ഊർജിതമാക്കി

നീലേശ്വരം: നീലേശ്വരം നഗരസഭയിൽ വിവിധ വാർഡുകളിൽ എലിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും അടിയന്തരയോഗം ചേർന്നു ചെയർപേഴ്സൺ ടി വി ശാന്ത യുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ എം രാജഗോപാലൻ എം എൽ എ,വൈസ് ചെയർമാൻ പി പി മുഹമ്മദ് റാഫി, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ ടിപി ലത,വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാർ, വാർഡ് കൗൺസിലർമാർ, ഡിഎംഒ ഡോക്ടർ എ വി രാംദാസ്,ഡെപ്യൂട്ടി ഡിഎംഒ ഡോക്ടർ മനോജ്, ഡോക്ടർ വി സുരേശൻ,ഡോക്ടർ റിജിത് കൃഷ്ണൻ, ഡോക്ടർ മാത്യു, ജില്ലാ മലേറിയ ഓഫീസർ വി സുരേശൻ, ജില്ല എപ്പിഡ മോളജിസ്റ് ഫ്ളോറി ജോസഫ്, നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ പ്രകാശൻ എ കെ, ആരോഗ്യ വിഭാഗം ജീവനക്കാർ, തുടങ്ങിയവർ പങ്കെടുത്തു. ഇതിന്റെ ഭാഗമായി മെഡിക്കൽ സംഘം എലിപ്പനി സാധ്യത പ്രദേശങ്ങളായ പാലായി, നീലായി, അങ്കക്കളരി, ചെമ്മക്കര,എന്നീ പ്രദേശങ്ങളിൽ സന്ദർശനം നടത്തി.

യോഗി ആദിത്യനാഥിനെതിരെ പോപ്പുലർ ഫ്രണ്ട് പ്രതിഷേധം

കാസർകോട്: ബി ജെ പി സംസ്ഥാന അധ്യക്ഷൻ നയിക്കുന്ന വിജയയാത്രയുടെ ഉദ്ഘാടനത്തിനെത്തിയ ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെതിരെ പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ പ്രതിഷേധം.

ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധം സി ടി സുലൈമാൻ ഉദ്ഘാടനം ചെയ്തു. പോപ്പുലർ ഫ്രണ്ട് പ്രവർത്തകരെ പൊലീസ് അറസ്റ്റു ചെയ്ത്നീക്കി.

കേരള പ്രദേശ് പ്രവാസി കോൺഗ്രസ് ജില്ലാ കമ്മിറ്റി കാഞ്ഞങ്ങാട് റെയിൽവെ സ്റ്റേഷനിൽ നടത്തിയ സൂചനാ സമരം